എ.വൈ.ആർ


സൂറ-12

## യൂസുഫ്

وَلَمَّا فَصَلَتِ ٱلْعِيرُ قَالَ أَبُوهُمْ إِنِّى لَأَجِدُ رِيحَ يُوسُفَ ۖ لَوْلَآ أَن تُفَنِّدُونِ ﴿٩٤﴾

قَالُوا۟ تَٱللَّهِ إِنَّكَ لَفِى ضَلَٰلِكَ ٱلْقَدِيمِ ﴿٩٥﴾

فَلَمَّآ أَن جَآءَ ٱلْبَشِيرُ أَلْقَىٰهُ عَلَىٰ وَجْهِهِۦ فَٱرْتَدَّ بَصِيرًا ۖ قَالَ أَلَمْ أَقُل لَّكُمْ إِنِّىٓ أَعْلَمُ مِنَ ٱللَّهِ مَا لَا تَعْلَمُونَ ﴿٩٦﴾

قَالُوا۟ يَٰٓأَبَانَا ٱسْتَغْفِرْ لَنَا ذُنُوبَنَآ إِنَّا كُنَّا خَٰطِـِٔينَ ﴿٩٧﴾

قَالَ سَوْفَ أَسْتَغْفِرُ لَكُمْ رَبِّىٓ ۖ إِنَّهُۥ هُوَ ٱلْغَفُورُ ٱلرَّحِيمُ ﴿٩٨﴾

**94** യാത്രാ സംഘം പിരിഞ്ഞപ്പോൾ, വീട്ടിലായിരുന്ന അവരുടെ പിതാവ് പറഞ്ഞു: തീർച്ചയായും എനിക്ക് യൂസുഫിന്റെ പരിമളം അനുഭവപ്പെടുന്നുണ്ട്; നിങ്ങൾ എന്നിൽ ബുദ്ധിഭ്രംശം ആരോപിക്കുകയില്ലെങ്കിൽ.

**95** അവർ ഘോഷിച്ചു: അല്ലാഹുവാണ, അങ്ങ് ഇപ്പോഴും ആ പഴയ അപഭ്രംശത്തിൽ തന്നെയാകുന്നു.

**96** സുവാർത്താ വാഹകൻ വീട്ടിൽ എത്തിച്ചേർന്നപ്പോൾ അയാൾ കൊണ്ടുവന്ന അങ്കി അദ്ദേഹത്തിന്റെ മുഖത്ത് ഇട്ടുകൊടുത്തു. ഉടനെ അദ്ദേഹത്തിന് കാഴ്ച തിരിച്ചു കിട്ടി. അദ്ദേഹം മക്കളോട് ചോദിച്ചു: നിങ്ങൾക്കറിഞ്ഞുകൂടാത്ത പലതും അല്ലാഹുവിങ്കൽനിന്ന് എനിക്കറിയാമെന്ന് ഞാൻ പറഞ്ഞിരുന്നില്ലേ?!

**97** മക്കളെല്ലാവരും അപേക്ഷിച്ചു: പിതാവേ, ഞങ്ങളുടെ പാപങ്ങൾ പൊറുത്തുകിട്ടാൻ അങ്ങ് പ്രാർഥിക്കേണമേ. തീർച്ചയായും ഞങ്ങൾ പാപികളായിരുന്നു.

**98** അദ്ദേഹം പറഞ്ഞു: നിങ്ങളോട് പൊറുക്കേണമെന്ന് ഞാനെന്റെ നാഥനോടു പ്രാർഥിക്കാം. അവൻ ഏറെ മാപ്പരുളുന്ന ദയാപരൻ തന്നെയാകുന്നു.

وَلَمَّا فَصَلَتِ= പിരിഞ്ഞപ്പോൾ ٱلْعِيرُ= യാത്രാ സംഘം قَالَ أَبُوهُمْ= അവരുടെ പിതാവ് പറഞ്ഞു
إِنِّى لَأَجِدُ= തീർച്ചയായും എനിക്കനുഭവപ്പെടുന്നു رِيحَ يُوسُفَ= യൂസുഫിന്റെ ഗന്ധം (പരിമളം)
لَوْلَآ أَن تُفَنِّدُونِ= നിങ്ങൾ എന്നെ(ന്നിൽ) ബുദ്ധിനാശം (ചിത്തഭ്രമം) ആരോപിക്കുകയില്ലെങ്കിൽ قَالُوا۟= അവർ പറഞ്ഞു(ഘോഷിച്ചു)
تَٱللَّهِ= അല്ലാഹുവാണ إِنَّكَ= തീർച്ചയായും നീ(അങ്ങ്) لَفِى ضَلَٰلِكَ= നിന്റെ വഴികേടിൽ (അപഭ്രംശത്തിൽ തന്നെ)യാകുന്നു

ٱلْقَدِيمِ= പഴയ فَلَمَّآ أَن جَآءَ= (വീട്ടിൽ) വന്നെത്തിച്ചേർന്നപ്പോൾ ٱلْبَشِيرُ= സുവിശേഷകൻ (സുവാർത്താവാഹകൻ)

أَلْقَىٰهُ= അയാൾ അത് (കൊണ്ടുവന്ന അങ്കി) ഇട്ടുകൊടുത്തു عَلَىٰ وَجْهِهِۦ= അദ്ദേഹത്തിന്റെ മുഖത്ത്

فَٱرْتَدَّ= (ഹത്തിന് തിരിച്ചു കിട്ടി) അപ്പോൾ (ഉടനെ) അദ്ദേഹം മടങ്ങി بَصِيرًا= (കാഴ്ച) കാണുന്നവനായിട്ട്

قَالَ= (മക്കളോട് ചോദിച്ചു) അദ്ദേഹം പറഞ്ഞു أَلَمْ أَقُل لَّكُمْ= ഞാൻ നിങ്ങളോടു പറഞ്ഞിരുന്നില്ലേ

إِنِّىٓ أَعْلَمُ= (എനിക്കറിയാമെന്ന്) തീർച്ചയായും ഞാൻ അറിയുന്നു مِنَ ٱللَّهِ= അല്ലാഹുവിങ്കൽനിന്ന്

مَا لَا تَعْلَمُونَ= (പലതും) നിങ്ങൾക്കറിഞ്ഞുകൂടാത്തത് قَالُوا۟= (അപേക്ഷിച്ചു) അവർ പറഞ്ഞു يَـٰٓأَبَانَا= ഞങ്ങളുടെ പിതാവേ

ٱسْتَغْفِرْ لَنَا= ഞങ്ങൾക്കു പൊറുത്തുകിട്ടാൻ അങ്ങ് പ്രാർഥിക്കേണമേ ذُنُوبَنَآ= ഞങ്ങളുടെ പാപങ്ങൾ

إِنَّا كُنَّا= തീർച്ചയായും ഞങ്ങൾ ആയിരുന്നു خَـٰطِـِٔينَ= (പാപികൾ) തെറ്റു ചെയ്തവർ قَالَ= അദ്ദേഹം പറഞ്ഞു

سَوْفَ أَسْتَغْفِرُ لَكُمْ رَبِّىٓ= ശേഷം പ്രാർഥിക്കാം ഞാൻ എന്റെ നാഥനോട് നിങ്ങളോടു പൊറുക്കേണമെന്ന്

إِنَّهُۥ= തീർച്ചയായും അവൻ هُوَ ٱلْغَفُورُ ٱلرَّحِيمُ= ഏറെ പൊറുക്കുന്നവൻ തന്നെയാകുന്നു ദയാപരനായ,

**94:** فَصَلَتِ ٱلْعِيرُ എന്ന വാക്കിനെയാണ് യാത്രാ സംഘം പിരിഞ്ഞപ്പോൾ എന്ന് തർജമ ചെയ്തിട്ടുള്ളത്. فَصَلَയുടെ സ്ത്രീലിംഗ രൂപമാണ് فصلت. പിരിഞ്ഞു, അകന്നു, വിവൃതമായി എന്നൊക്കെയാണ് فصل യുടെ മൗലികമായ അർഥങ്ങൾ. ഒന്നു മറ്റേതിൽനിന്ന് വേർപ്പെട്ടുപോകുന്നതിന്നും മറ്റേതിൽനിന്ന് വ്യത്യസ്തമാകുന്നതിനും ഒരിടത്തുനിന്നും മറ്റൊരിടത്തേക്ക് നീങ്ങുന്നതിനും ഈ പദം ഉപയോഗിക്കാറുണ്ട്. പുസ്തകത്തിലെ فَصْل അധ്യായമോ ഉപാധ്യായമോ ആകുന്നു. ഋതുവ്യത്യാസമാണ് കാലത്തിലെ فَصْل. യഅ്ഖൂബ് പുത്രന്മാർ ഉൾപ്പെട്ട യാത്രാസംഘം യൂസുഫ്(അ)ന്റെ അടുത്തുനിന്ന് വിടവാങ്ങി ഈജിപ്ത് വിട്ടപ്പോൾ എന്നാണ് وَلَمَّا فَصَلَتِ ٱلْعِيرُ എന്ന വാക്യത്തിന്ന് ബഹുഭൂരിപക്ഷം വ്യാഖ്യാതാക്കൾ അർഥം കൽപിച്ചിട്ടുള്ളത്. വിവക്ഷിതം തലസ്ഥാന നഗരം വിട്ടപ്പോൾ എന്നാവാം. അല്ലെങ്കിൽ ഈജിപ്ത് രാഷ്ട്രത്തിന്റെ അതിർത്തി വിട്ടപ്പോൾ തന്നെ അവർ കൈവശം വെച്ചിരുന്ന യൂസുഫിന്റെ കുപ്പായം മുഖേന ഫലസ്തീനിലിരിക്കുന്ന യഅ്ഖൂബ് നബിക്ക് യൂസുഫ് നബിയുടെ ശരീര ഗന്ധം അനുഭവപ്പെട്ടു എന്നുമാവാം. എനിക്ക് യൂസുഫിന്റെ ഗന്ധം അനുഭവപ്പെടുന്നു എന്ന് യഅ്ഖൂബ് നബി പറയുമ്പോൾ മക്കൾ വളരെ അകലെയായിരുന്നു. എട്ടുദിവസത്തെ സഞ്ചാരദൂരമെന്നും പത്തുദിവസത്തെ സഞ്ചാരദൂരമെന്നും ഒരുമാസത്തെ സഞ്ചാര ദൂരമെന്നുമൊക്കെ ഇതെപ്പറ്റി വിവിധ പ്രസ്താവങ്ങളുണ്ട്. ഏതായാലും അദ്ദേഹത്തിനും മകന്റെ കുപ്പായത്തിനുമിടയിൽ സാധാരണ മനുഷ്യന്റെ ഘ്രാണ ശക്തിക്ക് അപ്രാപ്യമായ ദൂരമുണ്ടായിരുന്നു. അതുകൊണ്ടാണ് ഈ വാസനാനുഭവത്തെ യഅ്ഖൂബ് നബിയുടെ ദിവ്യാത്ഭുതം –معجزة– ആയി ഗണിക്കുന്നത്. കാര്യകാരണ വ്യവസ്ഥകൾക്കതീതമായി അല്ലാഹു പ്രവാചകന്മാർക്ക് നൽകുന്ന അമാനുഷ സിദ്ധിയാണ് ദിവ്യാത്ഭുതം. പ്രവാചകന്മാർക്ക് യഥേഷ്ടം ഉപയോഗിക്കാവുന്ന ഒരായുധമല്ല അത്. അല്ലാഹു ഉദ്ദേശിക്കുമ്പോൾ, ഉദ്ദേശിക്കുന്ന അളവിൽ മാത്രമേ അവർക്കാ സിദ്ധി ലഭിക്കുകയുള്ളൂ. യഅ്ഖൂബ് നബിയുടെ ഈ അനുഭവം തന്നെ അതിനു തെളിവാകുന്നു. യൂസുഫ് നബി, പിതാവിൽ നിന്ന് പിരിഞ്ഞ കാലം മുതലേ ഈജിപ്തിലുണ്ട്. അന്നൊന്നും പുത്രന്റെ ഗന്ധം യഅ്ഖൂബി(അ)ന്ന് അനുഭവപ്പെട്ടിരുന്നില്ല. അപ്പോഴൊന്നും അല്ലാഹു അദ്ദേഹത്തിന് ഈ അമാനുഷിക ശക്തി നൽകിയിരുന്നില്ല എന്നതുതന്നെ കാരണം. മക്കൾ ഈജിപ്ത് വിട്ടപ്പോൾ യഅ്ഖൂബ് നബി വീട്ടിലുണ്ടായിരുന്ന മരുമക്കളെയും പേരക്കിടാങ്ങളെയും വിളിച്ചു പറയുന്നു: മക്കളേ, നിങ്ങളെനിക്ക് ചിത്തഭ്രമം ബാധിച്ചിരിക്കുന്നുവെന്ന് പറയില്ലെങ്കിൽ ഞാൻ പറയട്ടെ; എനിക്ക് യൂസുഫിന്റെ ശരീര ഗന്ധമനുഭവപ്പെടുന്നുണ്ട്. അവൻ മരിച്ചിട്ടില്ല, ജീവിച്ചിരിക്കുന്നു. അടുത്തുതന്നെ എന്റെ മുമ്പിലെത്തും. ഒരാളെ ബുദ്ധിഭ്രമം ബാധിച്ചവനോ മൂഢനോ ആയി കരുതുക എന്നർഥമുള്ള تفنيد ന്റെ വർത്തമാന ബഹുവചന ക്രിയാരൂപമാണ് تُفَنِّدُونِ. ബുദ്ധിവൈകല്യത്തെ, നമ്മുടെ ഭാഷയിലെ പ്രായാധിക്യം മൂലമുള്ള 'അത്തും പിത്തുമാക'ലിനെ കുറിക്കാനാണ് അധികവും ഇതുപയോഗിക്കാറുള്ളത്.

യഅ്ഖൂബ് നബിയുടെ അനുഭവം അമാനുഷികമാകണമെന്നില്ല എന്നഭിപ്രായപ്പെടുന്നവരും ഉണ്ട്. ശബ്ദം, ഗന്ധം, ദൃശ്യം തുടങ്ങിയവയെല്ലാം ഭൂമിയിൽ തരംഗങ്ങളായി തങ്ങിനിൽക്കുന്നുണ്ട്. അതുകൊണ്ടാണ് ഒരിടത്തെ ദൃശ്യവും ശബ്ദവുമൊക്കെ പിടിച്ചെടുത്ത് തൽസമയത്തെന്നപോലെ കൊല്ലങ്ങൾക്കു ശേഷവും ആയിരക്കണക്കിൽ കാതങ്ങളെ പ്രത്യക്ഷപ്പെടുത്താൻ ആധുനിക ശാസ്ത്രത്തിനു കഴിയുന്നത്. ഇന്ദ്രിയശക്തിയിൽ ജീവികൾക്കിടയിൽ അന്തരമുള്ളതായി കാണാം. ചില ജീവികൾക്ക് മനുഷ്യനെക്കാൾ കാഴ്ചയുണ്ട്. ചിലതിന്ന് ഘ്രാണശക്തിയും മറ്റു ചിലതിന് ശ്രവണ ശക്തിയും കൂടുതലാണ്. മനുഷ്യരിൽ തന്നെ ഈ ശക്തികളിൽ എല്ലാവരും ഒരുപോലെയല്ല. ചിലർക്ക് ചില ഇന്ദ്രിയശക്തികൾ അസാമാന്യമായ തോതിലുണ്ടാവാം. ചിലർക്ക് ചില വസ്തുക്കളോടോ വ്യക്തികളോടോ ഉള്ള അദമ്യമായ സ്നേഹവും അഭിനിവേശവും മൂലം അവരുടെ ശബ്ദവും ഗന്ധവുമൊക്കെ വളരെ ദൂരത്തുനിന്നു തന്നെ പിടിച്ചെടുക്കാൻ കഴിയും. അതാണ് യഅ്ഖൂബ് നബിക്കുണ്ടായ അനുഭവം. എങ്കിൽ ഇതിനു മുമ്പേ അദ്ദേഹത്തിന് ഈ അനുഭവം ഉണ്ടാവേണ്ടതല്ലേ എന്ന ചോദ്യത്തിന് അവർ നൽകുന്ന വിശദീകരണം ഇതാണ്; യൂസുഫ്(അ) ഒരു മഹാനഗരത്തിലായിരുന്നുവല്ലോ. അവിടെ അദ്ദേഹത്തിന്റെ ഗന്ധം മറ്റനേകായിരം ഗന്ധങ്ങളുമായി കൂടിക്കലർന്നതായിരുന്നു. അതിൽനിന്ന് അദ്ദേഹത്തിന്റെ ഗന്ധം വേർതിരിച്ചറിയുക സാധ്യമായിരുന്നില്ല. സഹോദരന്മാർ ആ കുപ്പായവുമായി ഈജിപ്തിന്റെ അതിർത്തി വിട്ട് കൻആനിനോടടുത്തപ്പോൾ ആ ഗന്ധം മറ്റുള്ളവയിൽനിന്ന് സ്വതന്ത്രമായി യഅ്ഖൂബ് നബിയിലേക്കെത്തി.

മറ്റൊരു വിശദീകരണം ഇങ്ങനെയാണ്: 'കച്ചവട സംഘം

പിരിഞ്ഞപ്പോൾ' لَمَّا فَصَلَتِ ٱلْعِيرُ എന്നാണ് ഖുർആൻ പറഞ്ഞത്. കച്ചവട സംഘം നാട്ടിലെത്തി ഓരോ കൂട്ടരും അവരവരുടെ കുടുംബങ്ങളിലേക്കു പിരിഞ്ഞുപോയപ്പോൾ എന്നാവാം അതിന്റെ അർഥം. യഅ്ഖൂബ് പുത്രന്മാർ മറ്റുള്ളവരിൽനിന്ന് പിരിഞ്ഞ് വീട്ടിലെത്താറായപ്പോൾ അവരെത്തും മുമ്പേ യൂസുഫ് നബിയുടെ കുപ്പായത്തിൽനിന്ന് പ്രസരിപ്പിക്കുന്ന അദ്ദേഹത്തിന്റെ ശരീര ഗന്ധം വീട്ടിലെത്തുകയും യഅ്ഖൂബ് നബി അതറിയുകയും ചെയ്തു.

ആദ്യം പറഞ്ഞ ഭൂരിപക്ഷത്തിന്റെ വ്യാഖ്യാനമാണ് കൂടുതൽ പ്രബലമായിട്ടുള്ളത്. രണ്ടാമത്തെ വ്യാഖ്യാനത്തെക്കാൾ യുക്തിസഹവും സംഗതവുമായിട്ടുള്ളത് മൂന്നാമത്തേതാണ്. യാത്രാസംഘം ഈജിപ്ത് വിട്ടപ്പോൾ ശക്തമായ ഒരു കാറ്റടിച്ചുവെന്നും ആ കാറ്റാണ് യൂസുഫിന്റെ അങ്കിയുടെ ഗന്ധം കൻആനിലെത്തിച്ചതെന്നും ഇബ്നു അബ്ബാസിൽനിന്ന് ഒരു നിവേദനമുണ്ട്.

**95:** യഅ്ഖൂബ് നബി ശങ്കിച്ചതു തന്നെ സംഭവിച്ചു. അദ്ദേഹത്തിന്റെ വാക്കുകളെ, വീട്ടിലുള്ളവർ യൂസുഫിന്റെ തിരോധാനം കുറെക്കാലമായി അദ്ദേഹത്തിലുളവാക്കിയ മനോവിഭ്രാന്തിയും പ്രായാധിക്യത്തിന്റെ, അത്തും പിത്തുമായി തന്നെ പരിഗണിക്കുകയും ആക്ഷേപ സ്വരത്തിൽ അതദ്ദേഹത്തോട് പ്രകടിപ്പിക്കുകയും ചെയ്തു. പിതാവിന് മനോവിഭ്രമമാണെന്നത് അവരുടെ സംശയമൊന്നുമല്ല, ഉറച്ച ബോധ്യം തന്നെയാണെന്ന് വ്യക്തമാക്കുന്നതാണ് تَٱللَّهِ എന്ന ശപഥ വാക്യവും إِنَّكَ എന്ന ദൃഢീകരണ ശബ്ദവും. ٱلْقَدِيمِ എന്ന വാക്ക്, ഈ ഭ്രമം ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല, വളരെകാലം പഴക്കമുള്ളതാണ് എന്നും കുറിക്കുന്നു. യൂസുഫിനെ ചെന്നായ പിടിച്ചുവെന്നോ ആരോ കൊന്നുകളഞ്ഞുവെന്നോ ആദ്യം മുതലേ യഅ്ഖൂബ് നബി വിശ്വസിച്ചിരുന്നില്ല എന്നാണിതു സൂചിപ്പിക്കുന്നത്. ഈ അവിശ്വാസമായിരുന്നു മകന്റെ ജീവനിലും തിരിച്ചു വരവിലുമുള്ള ആ പിതാവിന്റെ പ്രതീക്ഷക്കാധാരം. പക്ഷേ, കൊന്നിട്ടോ മരിച്ചിട്ടോ അടിമയാക്കപ്പെട്ടിട്ടോ എങ്ങനെയായാലും തങ്ങളെ സംബന്ധിച്ചേടത്തോളം യൂസുഫ് ഇനിയൊരിക്കലും തിരിച്ചു വരാനാവാത്തവിധം അപ്രത്യക്ഷനായി എന്ന കാര്യത്തിൽ പുത്രന്മാർക്കും പൗത്രന്മാർക്കും യാതൊരു സംശയവുമുണ്ടായിരുന്നില്ല. അതുകൊണ്ട് പണ്ടേ യഅ്ഖൂബ് നബി യൂസുഫിന്റെ തിരിച്ചു വരവിനെക്കുറിച്ച് പറയുമ്പോഴൊക്കെ അതൊരു ഭ്രാന്തായിട്ടാണവർ കണ്ടിരുന്നത് എന്നാണ് ضَلَـٰلِكَ ٱلْقَدِيمِ എന്ന അവരുടെ വാക്കിൽനിന്ന് വ്യക്തമാകുന്നത്. ضلال ന്റെ ഭാഷാർഥം വഴി പിഴക്കലാണ്. സത്യം, സന്മാർഗം, ധർമം, നീതി തുടങ്ങിയവയിൽനിന്ന് പിഴക്കുന്നതിനാണ് അധികം ഉപയോഗിച്ചു വരുന്നത്. ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത് മതപരമോ ആത്മീയമോ ആയ മാർഗഭ്രംശമല്ല. കാര്യം ശരിയാംവണ്ണം മനസ്സിലാക്കുന്നതിൽ അബദ്ധം- വിഢ്ഢിത്വം പറ്റി എന്നാണ്. യൂഫിനോടുള്ള അമിത വാത്സല്യം മൂലം അവന്റെ തിരോധാനത്തെ യാഥാർഥ്യ ബോധത്തോടെ ഉൾക്കൊള്ളാൻ കഴിയാതെ അങ്ങ് മിഥ്യാഭ്രമത്തിലകപ്പെട്ടിരിക്കുന്നുവെന്നാണവർ പറയുന്നത്.

പ്രവാചകനായ യഅ്ഖൂബി(അ)ന്റെ സ്ഥിതപ്രജ്ഞതയെക്കുറിച്ചോ ജ്ഞാനശേഷിയെക്കുറിച്ചോ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ പോലും ശരിയാം വണ്ണം മനസ്സിലാക്കിയിരുന്നില്ല എന്നാണിതിൽനിന്ന് വ്യക്തമാകുന്നത്. മഹാന്മാരുടെ മഹത്വം സ്വന്തം കുടുംബങ്ങളിൽ അവഗണിക്കപ്പെടുക അസാധാരണമല്ല. നിരവധി പ്രവാചകന്മാരുടെ ചരിത്രം അതു സാക്ഷ്യപ്പെടുത്തുന്നുണ്ട്. പണ്ഡിതന്മാരിലും പ്രതിഭാശാലികളിലും ഈ അനുഭവം നേരിടേണ്ടി വരുന്നവർ ഏറെയാണ്.

**96:** فَلَمَّآ ക്കുശേഷം أَن എന്ന ദൃഢീകരണ ശബ്ദം ചേർത്തിട്ടുള്ളത് പറയുന്ന കാര്യം സംഭവിച്ചുവെന്ന് ഉറപ്പിക്കുന്നതിനുവേണ്ടിയാണ്. അതായത്, 'ബശീർ' വന്നപ്പോൾ യൂസുഫ് നിർദേശിച്ച പ്രകാരം തന്നെ കുപ്പായം പിതാവിന്റെ മുഖത്തിടുകയും തീർച്ചയായും അദ്ദേഹത്തിന് കാഴ്ച തിരിച്ചു കിട്ടുകയും ചെയ്തു. യൂസുഫിന്റെ കുപ്പായം മുഖത്തുതട്ടിയാൽ പിതാവിന് കാഴ്ച തിരിച്ചു കിട്ടുമെന്ന കാര്യത്തിൽ മക്കൾക്ക് നേരത്തെ സംശയമുണ്ടായിരുന്നതുകൊണ്ടാകാം ഈ ഊന്നൽ. അല്ലെങ്കിൽ ഇതൊരു അമാനുഷിക സിദ്ധി തന്നെയോ എന്ന് സംശയിക്കുന്നവരെ സംബോധന ചെയ്തുകൊണ്ടാവാം. مبشر ന്റെ ഉത്തമ വാചീ രൂപമാണ് بشير. സദ്‌വാർത്തകളറിയിക്കുന്നവനാണ് مبشر. നേരത്തെ ബിൻയാമീനില്ലാതെ നാട്ടിലേക്കില്ല എന്നുപറഞ്ഞ് ഈജിപ്തിൽ തങ്ങിയ റൂബേലോ ശിമയോനോ യഹൂദയോ ആണ് ഉദ്ദേശ്യം. യഅ്ഖൂബ് നബി പ്രതീക്ഷിക്കുന്ന ഏറ്റവും വിശിഷ്ടമായ സന്തോഷവാർത്തയുടെ വാഹകനായതുകൊണ്ടാവാം അയാളെ بشير എന്നു വിളിച്ചത്.

യൂസുഫ് ജീവിച്ചിരിക്കുന്നുവെന്നറിയുകയും നഷ്ടപ്പെട്ട കാഴ്ച തിരിച്ചു കിട്ടുകയും ചെയ്തതിൽ അതീവ സന്തുഷ്ടനായ യഅ്ഖൂബ്(അ) ആ സന്തോഷം പുത്രന്മാരുടെ മുമ്പിൽ തുറന്നു പ്രകടിപ്പിച്ചു. ഒപ്പം 86-ാം സൂക്തത്തിൽ ഉദ്ധരിക്കപ്പെട്ട, 'നിങ്ങൾക്കറിയാത്ത പലതും അല്ലാഹുവിങ്കൽനിന്ന് ഞാൻ അറിയുന്നുണ്ട്' എന്നു പുത്രന്മാരോട് അദ്ദേഹം പറഞ്ഞത് വെറുതെയായിരുന്നില്ല എന്ന് ഇപ്പോൾ മനസ്സിലായോ എന്നു ചോദിക്കുകയും ചെയ്തു. അദ്ദേഹം പുത്രന്മാരെ ആക്ഷേപിക്കുകയോ പരിഹസിക്കുകയോ ആയിരുന്നില്ല. പ്രത്യക്ഷത്തിൽ മാത്രം വിശ്വാസികളും ദൈവദാസന്മാരുമായി ജീവിച്ചാൽ പോരാ, ആന്തരികമായി അല്ലാഹുവിന്റെ അദൃശ്യ ഹസ്തങ്ങൾ നടത്തുന്ന പ്രവർത്തനങ്ങളിൽ കൂടി വിശ്വസിക്കേണം, അതില്ലാതെ ദൈവവിശ്വാസത്തിന്റെയും സമർപ്പണത്തിന്റെയും ബാധ്യതകൾ നിർവഹിക്കാൻ കഴിയില്ല എന്ന് അവരെ പഠിപ്പിക്കുകയായിരുന്നു അദ്ദേഹം.

**97,98:** ഇതെല്ലാം നേരിൽ കാണുകയും കേൾക്കുകയും ചെയ്ത യഅ്ഖൂബ് പുത്രന്മാർക്ക് തങ്ങളുടെ അജ്ഞതയും അവിവേകവും ബോധ്യപ്പെടുകയും ചെയ്തുപോയ മഹാപരാധങ്ങളിൽ ആത്മാർഥമായ കുറ്റബോധമുണരുകയും ചെയ്തു. അവർ യൂസുഫിന്റെ മുമ്പിലെന്നപോലെ പിതാവിന്റെ മുമ്പിലും കുറ്റങ്ങൾ ഏറ്റു പറഞ്ഞു. തങ്ങളുടെ പാപങ്ങൾ പൊറുക്കാൻ അല്ലാഹുവിനോട് പ്രാർഥിക്കണമെന്ന് അദ്ദേഹത്തോടപേക്ഷിക്കുകയും ചെയ്തു.

പുത്രന്മാരുടെ ഈ അപേക്ഷ പിതാവ് ഗൗരവപൂർവം സ്വീകരിച്ചു. അവരുടെ പാപമോചനത്തിനുവേണ്ടി താൻ, ഏറെ മാപ്പരുളുന്ന ദയാപരനായ അല്ലാഹുവിനോടു പ്രാർഥിക്കുന്നതാണെന്നു വാക്കു കൊടുത്തു. ശരി, ഞാൻ പ്രാർഥിക്കാം എന്നോ, അല്ലെങ്കിൽ അല്ലാഹു നിങ്ങൾക്ക് പൊറുത്തു തരട്ടെ എന്നോ പ്രതികരിച്ച് പുത്രന്മാരെ പറഞ്ഞു വിടുകയല്ല അദ്ദേഹം ചെയ്തത്. പ്രാർഥനക്ക് ഉത്തരം ലഭിക്കാൻ ഏറെ സാധ്യതയുള്ള സമയങ്ങൾ വരുമ്പോഴൊക്കെ നിങ്ങൾക്ക് വേണ്ടി ഗൗരവപൂർവം ഞാൻ പാപമോചനം തേടാൻ പോവുകയാണെന്ന് അവർക്ക് ഉറപ്പു കൊടുക്കുകയാണ്. سَوْفَ أَسْتَغْفِرُ لَكُمْ അതാണ് എന്ന വാക്യത്തിന്റെ ധ്വനി. ശേഷം നിങ്ങൾക്കുവേണ്ടി പാപമോചന പ്രാർഥന നടത്തുന്നതാകുന്നു എന്നാണതിന്റെ വാക്കർഥം.

ഇവിടെ سَوْفَ (ശേഷം) കൊണ്ടുദ്ദേശ്യം പിന്നീട് വരുന്ന, പ്രാർഥനക്ക് ഉത്തരം ലഭിക്കാൻ സാധ്യത ഏറെയുള്ള സന്ദർഭങ്ങളാണെന്ന് മുഫസ്സിറുകൾ പറയുന്നു. അതു രാത്രികാലമാണെന്നും വെള്ളിയാഴ്ച രാവാണെന്നും നിവേദനങ്ങളുണ്ട്. സ്വന്തം പാപങ്ങളിൽ ആത്മാർഥമായ കുറ്റബോധമുണ്ടാകുന്നവർ തങ്ങളുടെ കുറ്റങ്ങൾ തുറന്നു സമ്മതിച്ചുകൊണ്ട് പാപമോചനത്തിനു വേണ്ടി അല്ലാഹുവിനോട് പ്രാർഥിക്കാൻ സജ്ജനങ്ങളോട് അപേക്ഷിക്കണമെന്നും അങ്ങനെ അപേക്ഷിക്കപ്പെട്ടാൽ സജ്ജനങ്ങൾ അത് ഗൗരവപൂർവം സ്വീകരിക്കണമെന്നും അതുവഴി അവരുടെ സംസ്കരണത്തിനും പാപമോചനത്തിനും സാധ്യത വർധിക്കുമെന്നും ഈ സൂക്തങ്ങൾ സൂചിപ്പിക്കുന്നതായി ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നു.

ഈ സൂക്തങ്ങൾ സ്ഥിരപ്പെടുത്തുന്ന സുപ്രധാനമായ വിധിയെ പണ്ഡിതന്മാർ ഇങ്ങനെ വിശദീകരിച്ചിരിക്കുന്നു. ഒരാൾ വാക്കുകൊണ്ടോ കർമം കൊണ്ടോ സാമ്പത്തികമായോ മറ്റൊരാളെ ദ്രോഹിച്ചാൽ, ദ്രോഹിച്ചയാൾ ദ്രോഹിക്കപ്പെട്ടയാളോട് മാപ്പ് ചോദിച്ചാൽ മാത്രം പോരാ, പൊരുത്തപ്പെടുവിക്കുകയും വേണം. അതായത് വാക്കുകൊണ്ടും കർമം കൊണ്ടുമുള്ള ദ്രോഹമാണെങ്കിൽ ദ്രോഹക്കപ്പെട്ടയാളെ നല്ല സമീപനത്തിലൂടെ തൃപ്തിപ്പെടുത്തുകയും തനിക്കെതിരെ അല്ലാഹുവിനോട് പരാതിപ്പെടുകയില്ലെന്നു സമ്മതിക്കുകയും പൊറുത്തുതരാൻ പ്രാർഥിപ്പിക്കുകയും ചെയ്യുക. ദ്രോഹം മൂലം ദ്രോഹിക്കപ്പെട്ടയാൾക്കുണ്ടായ നഷ്ടം പരിഹരിച്ചു കൊടുക്കുകയും വേണം. സാമ്പത്തിക ദ്രോഹമാണെങ്കിൽ അത് നിർബന്ധമാകുന്നു. യഅ്ഖൂബ് നബിയെ കടുത്ത പുത്ര ദുഃഖത്തിലകപ്പെടുത്തുക എന്ന ദ്രോഹമാണ് അദ്ദേഹത്തിന്റെ പുത്രന്മാർ ചെയ്തത്. അവരുടെ കുറ്റസമ്മതവും പാപമോചന പ്രാർഥനക്കുള്ള അപേക്ഷയും ഇവിടെ എടുത്തു പറഞ്ഞത് മർദിതനെക്കൊണ്ട് പൊരുത്തപ്പെടുവിക്കുക മർദകനായ വിശ്വാസിയുടെ ബാധ്യതയാണെന്ന് വ്യക്തമാക്കുന്നു. ബുഖാരിയും മറ്റും ഉദ്ധരിച്ച ഒരു ഹദീസ് അതിനെ ബലപ്പെടുത്തുന്നുണ്ട്. റസൂൽ(സ) പ്രസ്താവിച്ചു:

**من كانت له مظلمة لأخيه من عرضه أوشيئ فليحلله منه اليوم قبل ألا يكون دينار ولا درهم إن كان له عمل صالح أخذ منه بقدر مظلمته وإن لم تكن له حسنات أخذ من سيئات صاحبه فحمل عليه**

(ഒരുവൻ തന്റെ സഹോദരന്റെ അഭിമാനത്തെയോ വസ്തുവിനെയോ അക്രമിച്ചിട്ടുണ്ടെങ്കിൽ ദീനാറും ദിർഹമും ഇല്ലാതാകുന്നതിനു മുമ്പ് ഇന്നു തന്നെ അയാളെക്കൊണ്ട് അവനതു പൊരുത്തപ്പെടുവിച്ചു കൊള്ളട്ടെ. അക്രമിച്ചവന് വല്ല സൽക്കർമവുമുണ്ടെങ്കിൽ, അക്രമത്തിന്റെ അളവിൽ അതിൽനിന്ന് എടുക്കപ്പെടുന്നതാകുന്നു. അവന് നന്മകളൊന്നുമില്ലെങ്കിലോ, അവന്റെ സഹോദരന്റെ (മർദിതന്റെ) തിന്മകളിൽ നിന്നെടുത്ത് മർദകനിൽ ചുമത്തുന്നതാകുന്നു). ■